**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201** **21-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ഞപ്പിത്ത രോഗബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ വർഷം സാധാരണയിൽ കവിഞ്ഞ രീതിയിൽ മഞ്ഞപ്പിത്ത രോഗബാധ ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (എ) | ഹെപ്പറ്റൈറ്റിസ്-എ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകളിലെ മലിനീകരണം (കക്കൂസ് മാലിന്യം കുടിവെള്ളത്തിൽ കലരാൻ ഇടയാകുന്ന സാഹചര്യം), മലിനജലം, കിണറുകളിലെ വെള്ളം അണുവിമുക്തമാക്കാത്തത്, മലിനമായ ആഹാരം എന്നിവ വഴി രോഗവ്യാപനമുണ്ടായിട്ടുണ്ട്. കൂടാതെ വിവാഹം, മരണം തുടങ്ങിയ പൊതുപരിപാടികൾ, ജ്യൂസ് കടകൾ, ഹോട്ടലുകൾ, തട്ടുകടകൾ, ഐസ് ഫാക്ടറികൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന മലിനമായ ജലവും രോഗപ്പകർച്ചയ്ക്ക് കാരണമാകുന്നു. |

സെക്ഷൻ ഓഫീസർ